92 (2470) കോന്നി - തണ്ണിത്തോട് റോഡ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ഒരു പ്രധാന മലയോരറോഡായ കോന്നി-തണ്ണിത്തോട് റോഡിന്റെ ഏതെങ്കിലും ഭാഗം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമല്ലാതെയുണ്ടോ;

(ബി) എങ്കിൽ എതെല്ലാം ഭാഗമെന്നും ഈ ഭാഗം മാത്രം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാതിരിക്കാൻ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് ഭാഗം പൊതുമരാമത്തിന്റെ കൈവശമല്ലാത്തതുകൊണ്ട് അറ്റകുറ്റപ്പണി നടത്താതെ ഗതാഗതത്തിന് പറ്റാത്ത അവസ്ഥയുണ്ടായത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) കോന്നി-തണ്ണിത്തോട് റോഡ് പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിൻ കീഴിൽ കൊണ്ടുവരാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോന്നി-തണ്ണിത്തോട് റോഡ് മൊത്തം 10.350 കിലോമീറ്റർ ദൂരമുണ്ട്. ഇതിൽ 0/0 മുതൽ 4/800 കി.മി വരെയുള്ള ഭാഗം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. അതിനാലാണ് ഏറ്റെടുക്കാതിരുന്നത്.

(സി) പഞ്ചായത്താണ് ഈ ഭാഗത്തെ അറ്റകുറ്റപ്പണികൾ നടത്തേണ്ടത്.

(ഡി) പരിഗണനയിലുണ്ട്.

93 (2471) സുൽത്താൻ ബത്തേരിയിൽ ബൈപാസ് റോഡ്

ശ്രീ. വർഗ്ഗീസ് വൈദ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരിയിൽ ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി കൈകൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(ബി) ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കും എന്നറിക്കാമോ?

ഉത്തരം

(എ)&(ബി) സുൽത്താൻ ബത്തേരി ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് 11.16 കോടി രൂപയുടെ ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഈ പണിയുടെ കൂടുതൽ വിവരങ്ങൾ തയ്യാറാക്കി അയച്ചുതരുവാൻ ഉത്തരമേഖല (റോഡുകളും പാലങ്ങളും) സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി മറ്റ് നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly